## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4020 24.08.2017-ലെ മറുപടി

### ജലത്തിന്റെ ഗുണനിലവാര പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | എ | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ജില്ലാ ലാബുകൾ പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ സംസ്ഥാനത്ത് 33 സബ് ഡിവിഷണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകൾ വഴി ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം നിരന്തരമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. ഇതിനു പുറമെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ ജലസ്രോതസ്സുകളുടെ ഗുണനിലവാരവും പരിശോധിച്ച് വരുന്നുണ്ട്. ഈ പരിശോധനാഫലം കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.<br>മേൽ പറഞ്ഞ ലാബുകൾക്കു പുറമെ കൊച്ചിയിൽ ജലഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചു വരുന്നു.<br>ജലഅതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| ബി | നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി യും സി യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി | ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | | |

Renuka Sankar

സെക്ഷൻ ഓഫീസർ